സൂറഃ-8

# അൽ അൻഫാൽ

**17.** വാസ്തവത്തിൽ നിങ്ങളല്ല അവരെ വധിച്ചത്; പ്രത്യുത അല്ലാഹുവാകുന്നു. പ്രവാചകാ, നീ എറിഞ്ഞപ്പോൾ, എറിഞ്ഞതും നീയല്ല; പ്രത്യുത അല്ലാഹുവാണെറിഞ്ഞത്. വിശ്വാസികളെ ഭംഗിയായി പരീക്ഷിക്കേണ്ടതിന്നുമായിരുന്നു അത്. അല്ലാഹു എല്ലാം കേൾക്കുന്നവനും എല്ലാം അറിയുന്നവനുമല്ലോ.

**18.** ഇതാകുന്നു നിങ്ങൾക്കുള്ള അവന്റെ സമ്മാനം. ധിക്കാരികൾക്കോ, അല്ലാഹു അവരുടെ കുതന്ത്രങ്ങൾ ദുർബലമാക്കുന്നവനാകുന്നു.

**19.** നിങ്ങൾ തീരുമാനം തേടുന്നുവെങ്കിൽ, വ്യക്തമായ തീരുമാനമിതാ വന്നുകഴിഞ്ഞിരിക്കുന്നു. ഇനിയെങ്കിലും വിരമിക്കുന്നുവെങ്കിൽ അതാണ് നിങ്ങൾക്ക് നല്ലത്. അതല്ല അതിക്രമം ആവർത്തിക്കുകയാണെങ്കിൽ നാം ശിക്ഷയും ആവർത്തിക്കും. നിങ്ങളുടെ സംഘബലം-അതെത്ര പെരുത്തതായാലും-നിങ്ങൾക്ക് ഒരു ഗുണവും ചെയ്യില്ല. അല്ലാഹു സത്യവിശ്വാസികളുടെ കൂടെ തന്നെയാകുന്നു.

فَلَمْ تَقْتُلُوهُمْ وَلَٰكِنَّ ٱللَّهَ قَتَلَهُمْ ۚ وَمَا رَمَيْتَ إِذْ رَمَيْتَ وَلَٰكِنَّ ٱللَّهَ
رَمَىٰ ۚ وَلِيُبْلِىَ ٱلْمُؤْمِنِينَ مِنْهُ بَلَآءً حَسَنًا ۚ إِنَّ ٱللَّهَ سَمِيعٌ عَلِيمٌ ﴿١٧﴾

ذَٰلِكُمْ وَأَنَّ ٱللَّهَ مُوهِنُ كَيْدِ ٱلْكَٰفِرِينَ ﴿١٨﴾

إِن تَسْتَفْتِحُوا۟ فَقَدْ جَآءَكُمُ ٱلْفَتْحُ ۖ وَإِن تَنتَهُوا۟ فَهُوَ خَيْرٌ لَّكُمْ ۖ وَإِن
تَعُودُوا۟ نَعُدْ وَلَن تُغْنِىَ عَنكُمْ فِئَتُكُمْ شَيْـًٔا وَلَوْ كَثُرَتْ وَأَنَّ ٱللَّهَ مَعَ
ٱلْمُؤْمِنِينَ ﴿١٩﴾

فَلَمْ تَقْتُلُوهُمْ = നിങ്ങൾ അവരെ വധിച്ചിട്ടില്ല وَلَٰكِنَّ = പ്രത്യുത ٱللَّهَ قَتَلَهُمْ = അല്ലാഹുവാണവരെ വധിച്ചത്

وَمَا رَمَيْتَ = (പ്രവാചകാ) നീ എറിഞ്ഞിട്ടില്ല (എറിഞ്ഞതും നീയല്ല) إِذْ رَمَيْتَ = നീ എറിഞ്ഞപ്പോൾ

وَلَٰكِنَّ ٱللَّهَ رَمَىٰ = പ്രത്യുത അല്ലാഹുവാണ് എറിഞ്ഞത്

وَلِيُبْلِىَ ٱلْمُؤْمِنِينَ = വിശ്വാസികളെ പരീക്ഷിക്കാൻ (പരീക്ഷണത്തിൽ വിജയിപ്പിക്കാൻ) مِنْهُ = അ(ത്)തിനാൽ

بَلَآءً = ഒരു പരീക്ഷണം (ത്തിൽ) حَسَنًا = ഭംഗിയായ إِنَّ ٱللَّهَ = തീർച്ചയായും അല്ലാഹു

سَمِيعٌ = എല്ലാം കേൾക്കുന്നവനാകുന്നു عَلِيمٌ = എല്ലാം അറിയുന്നവനുമാകുന്നു

ذَٰلِكُمْ = ഇതാകുന്നു (നിങ്ങൾക്കുള്ള അവന്റെ സമ്മാനം) وَأَنَّ ٱللَّهَ = (ധിക്കാരികൾക്കോ) തീർച്ചയായും അല്ലാഹു

مُوهِنُ = ദുർബലമാക്കുന്നവനാകുന്നു كَيْدِ ٱلْكَٰفِرِينَ = ധിക്കാരികളുടെ(അവരുടെ) കുതന്ത്രങ്ങൾ

إِن تَسْتَفْتِحُوا۟ = നിങ്ങൾ തീരുമാനം തേടുന്നുവെങ്കിൽ فَقَدْ جَآءَكُمُ = നിങ്ങൾക്ക് (ഇതാ) വന്നുകഴിഞ്ഞിരിക്കുന്നു

ٱلْفَتْحُ = (വ്യക്തമായ) തീരുമാനം وَإِن تَنتَهُوا۟ = (ഇനിയെങ്കിലും) നിങ്ങൾ വിരമിക്കുന്നുവെങ്കിൽ

فَهُوَ = അതാണ് خَيْرٌ لَّكُمْ = നിങ്ങൾക്ക് നല്ലത്

وَإِن تَعُودُوا۟ نَعُدْ = നിങ്ങൾ മടങ്ങുകയാണെങ്കിൽ നാമും മടങ്ങും (അതല്ല അതിക്രമം ആവർത്തിച്ചാൽ നാം ശിക്ഷയും ആവർത്തിക്കും)

وَلَن تُغْنِىَ عَنكُمْ فِئَتُكُمْ شَيْـًٔا = നിങ്ങൾക്ക് യാതൊരു ഗുണവും ചെയ്യില്ല നിങ്ങളുടെ കൂട്ടം (സംഘബലം)

وَلَوْ كَثُرَتْ = അത് (എത്ര) പെരുത്താലും وَأَنَّ ٱللَّهَ = നിശ്ചയം അല്ലാഹു

مَعَ ٱلْمُؤْمِنِينَ = സത്യവിശ്വാസികളുടെ കൂടെ (തന്നെ)യാകുന്നു

**17,18:** പ്രവാചകനിലൂടെ വിശ്വാസികളെ സംബോധന ചെയ്തുകൊണ്ട്, അസത്യത്തിന്റെ പൈശാചിക ശക്തികളുമായി ഏറ്റുമുട്ടേണ്ടിവരുമ്പോൾ അവർ പേടിച്ചോടാതെ ഉറച്ചുനിന്നു പൊരുതിയാൽ അല്ലാഹുവിന്റെ സഹായത്തോടെ വിജയിക്കുക തന്നെ ചെയ്യുമെന്ന് ബദ്ർ സംഭവത്തെ ഉദാഹരണമായി സൂചിപ്പിച്ചുകൊണ്ടുണർത്തുകയാണ്. അത്തരം സന്ദർഭങ്ങളിൽ നിങ്ങളുടെ കൈകളിലൂടെ പ്രവർത്തിക്കുന്നത് അല്ലാഹുവാണ്. ബദ്റിൽ ശത്രുസൈന്യം നിങ്ങളുടെ മൂന്നിരട്ടിയുണ്ടായിരുന്നു. നിങ്ങളുടേതിനേക്കാൾ എത്രയോ മികച്ചതായിരുന്നു അവരുടെ സജ്ജീകരണങ്ങൾ. സാധാരണ ഗതിയിൽ അവർ നിങ്ങളെ നിശ്ശേഷം നിഗ്രഹിക്കേണ്ടതായിരുന്നു. നിങ്ങളുടെ ഭാഗത്താകട്ടെ അവരെ തടയാനുള്ള ഒരു ശക്തിയുമുണ്ടായിരുന്നില്ല. എന്നിട്ടും കെങ്കേമന്മാരായ എഴുപതോളം ഖുറൈശികളെ നിങ്ങൾ വെട്ടിവീഴ്ത്തി. വാസ്തവത്തിൽ നിങ്ങൾ അവകാശപ്പെടുകയും അഹങ്കരിക്കുകയും ചെയ്യുന്നതുപോലെ നിങ്ങളല്ല അവരെ വെട്ടിവീഴ്ത്തിയത്. അവർക്കെതിരെ അമ്പെയ്തതും കുന്തമെറിഞ്ഞതും നിങ്ങളല്ല. നിങ്ങളുടെ കരങ്ങൾകൊണ്ട് വെട്ടിയതും എറിഞ്ഞതും അല്ലാഹുവായിരുന്നു. അവനാണ് മലക്കുകളെ നിയോഗിച്ചതും ശത്രുഹൃദയങ്ങളിൽ ഭീതിനിറച്ചതും നിങ്ങൾക്കു ധൈര്യം പകർന്നതും നിങ്ങൾ വിജയിക്കണമെന്ന് നിശ്ചയിച്ചതും. *സൂറഃ അത്തൗബ* 14-ാം സൂക്തത്തിൽ ഈ ആശയം ഇങ്ങനെ അവതരിപ്പിക്കുന്നുണ്ട്:

قَٰتِلُوهُمْ يُعَذِّبْهُمُ ٱللَّهُ بِأَيْدِيكُمْ وَيُخْزِهِمْ وَيَنصُرْكُمْ عَلَيْهِمْ وَيَشْفِ صُدُورَ قَوْمٍ مُّؤْمِنِينَ ﴿١٤﴾

“ശത്രുക്കളോടു പൊരുതിക്കൊള്ളുവിൻ. അല്ലാഹു നിങ്ങളുടെ കരങ്ങളാൽ അവരെ ശിക്ഷിക്കുന്നതാണ്. അവരെ നിന്ദിക്കുകയും അവർക്കെതിരെ നിങ്ങളെ തുണക്കുകയും വിശ്വാസി സമൂഹത്തിന്റെ മനം കുളിർപ്പിക്കുകയും ചെയ്യും.”

സത്യത്തിനും ധർമത്തിനും വേണ്ടി പൊരുതുന്ന സൈന്യം അല്ലാഹുവിന്റെ സൈന്യമാണ്. അവൻ പറയുന്നു: وَإِنَّ جُندَنَا لَهُمُ ٱلْغَٰلِبُونَ ﴿١٧٣﴾ (നമ്മുടെ സൈന്യം തന്നെയാണതി ജയിക്കുന്നവർ - 37:173). فَإِنَّ حِزْبَ ٱللَّهِ هُمُ ٱلْغَٰلِبُونَ ﴿٥٦﴾ (അല്ലാഹുവിന്റെ കക്ഷിയാണതിജയിക്കുന്നവർ - 5:56). أَلَآ إِنَّ حِزْبَ ٱلشَّيْطَٰنِ هُمُ ٱلْخَٰسِرُونَ ﴿١٩﴾ (അറിഞ്ഞിരിക്കുക, ചെകുത്താന്റെ കക്ഷി പരാജയപ്പെടാനുള്ളത് തന്നെയാകുന്നു - 58:19).

فَلَمْ تَقْتُلُوهُمْ وَلَٰكِنَّ ٱللَّهَ قَتَلَهُمْ -നിങ്ങളല്ല അവരെ വധിച്ചത്, പ്രത്യുത അല്ലാഹുവാണ് അവരെ വധിച്ചത്- എന്നവാക്യം ശത്രു നിഗ്രഹത്തിൽ വിശ്വാസികളുടെ കർതൃത്വത്തെ നിഷേധിച്ചുകൊണ്ട് അല്ലാഹുവിലേക്കു ചേർത്തിരിക്കുന്നുവെങ്കിലും അത് നിരുപാധികമല്ല എന്ന് وَمَا رَمَيْتَ إِذْ رَمَيْتَ (നീ എറിഞ്ഞപ്പോൾ എറിഞ്ഞതും നീയല്ല) എന്ന വാക്യത്തിൽനിന്ന് വ്യക്തമാകുന്നു. അതിൽ ഏറിന്റെ കർതൃത്വം പ്രവാചകന് നിഷേധിച്ചുകൊണ്ടുതന്നെ അത് അദ്ദേഹത്തിൽ ചേർക്കുകയും ചെയ്തിരിക്കുന്നു. ഇതുപോലെ നിങ്ങൾ ശത്രുക്കളെ വധിച്ചപ്പോൾ വധിച്ചത് നിങ്ങളല്ല എന്നാണ് ആദ്യവാക്യത്തിന്റെ പൂർണരൂപം. ഒരേ സമയം നിഷേധിക്കുകയും സ്ഥാപിക്കുകയും ചെയ്യുന്ന ഈ വാക്യം വിരുദ്ധോക്തിയായി തോന്നാം. എന്നാൽ ഇവിടെ സ്ഥാപിക്കുന്നത് അവരുടെ കർതൃത്വത്തെയും നിഷേധിക്കുന്നത് കർമത്തിന്റെ ഫലത്തെയുമാണ്. താൽപര്യമിതാണ്, നിങ്ങൾ വെട്ടുകയും എറിയുകയുമൊക്കെ ചെയ്തതു ശരിതന്നെ. പക്ഷേ, അതിന്റെ ഫലങ്ങൾ നിങ്ങളുടെ വകയായിരുന്നില്ല. നിങ്ങളോട് വെട്ടാനും കുത്താനും കൽപിച്ചതും അതിന് ശക്തിയും ധൈര്യവുമരുളിയതും അല്ലാഹുവാണ്. നിങ്ങളുടെ പ്രവർത്തനത്താൽ ഇന്നയിന്നവരൊക്കെ നിഗ്രഹിക്കപ്പെടണമെന്ന് വിധിച്ചതും അവനാണ്. അതിനാൽ നിങ്ങളുടെ കർമങ്ങളും അതിന്റെ ഫലങ്ങളും ആത്യന്തികമായി അല്ലാഹുവിന്റേതാണ്.

ഈ വാക്യത്തെ ചില ദൈവശാസ്ത്രകാരന്മാർ മനുഷ്യന് തന്റെ കർമങ്ങളിൽ യാതൊരു സ്വാതന്ത്ര്യവുമില്ല, കാറ്റിൽ പാറിക്കൊണ്ടിരിക്കുന്ന തൂവൽ പോലെയാണവന്റെ അവസ്ഥ എന്ന വാദത്തിന് തെളിവായി ഉന്നയിച്ചിട്ടുണ്ട്. ജബ്രികൾ (**الجبريون**) എന്നാണ് ഇക്കൂട്ടർ അറിയപ്പെടുന്നത്. മനുഷ്യൻ തന്നെയാണ് അവന്റെ വിധാതാവും ആരാധ്യനുമെന്ന വഹ്ദത്തുൽവുജൂദി(അദ്വൈതം)ന്റെ വാദത്തിനും ഈവാക്യം പ്രാമാണമായി ഉദ്ധരിക്കപ്പെടാറുണ്ട്. അശ്അരി സിദ്ധാന്തപ്രകാരം അല്ലാഹുവിന്റെ സൃഷ്ടിയും മനുഷ്യന്റെ ആർജനവും ചേർന്നതാണ് മനുഷ്യകർമം. ഏറിന്റെ കർതൃത്വം ഒരേ സമയം അല്ലാഹുവിലേക്കും മനുഷ്യരിലേക്കും ചേർത്തത് അതുകൊണ്ടാണെന്ന് അവർ കരുതുന്നു. പ്രവർത്തനം ഇച്ഛിക്കാനുള്ള കഴിവും അതു നടപ്പിലാക്കാനുള്ള സ്വാതന്ത്ര്യവും മനുഷ്യനുണ്ട്. മനുഷ്യന് ഈ കഴിവും സ്വാതന്ത്ര്യവും നൽകിയത് അല്ലാഹുവാണ്. ഈ പ്രവർത്തനത്തിന് ഇന്ന ഫലം എന്ന് നിശ്ചയിച്ചതും അല്ലാഹുവാണ്. ഇച്ഛാസ്വാതന്ത്ര്യമുള്ളതു കൊണ്ടുമാത്രം കർമം ഉളവാകുന്നില്ല. അതുളവാക്കാനുള്ള പരിതഃസ്ഥിതിയും വേണം. പ്രവർത്തനം ഉണ്ടായതുകൊണ്ടുമാത്രം ഫലം ഉണ്ടാവുകയില്ല. പ്രവർത്തനത്തിന് ഫലം ഉളവാകുന്ന പ്രകൃതിവ്യവസ്ഥയോ പ്രകൃത്യാതീത വിധിയോ ഉണ്ടായിരിക്കണം. ഈ കഴിവും വ്യവസ്ഥയും വിധിയും അല്ലാഹുവിങ്കൽ നിന്നുള്ളതാണ്. അവയുടെ അഭാവത്തിൽ മനുഷ്യന് പ്രവർത്തിക്കാനോ, പ്രവർത്തന ഫലമുളവാക്കാനോ കഴിയുകയില്ല. ഈയർഥത്തിൽ മനുഷ്യന്റെ എല്ലാ കർമത്തിന്റെയും ആത്യന്തിക കർതൃത്വം അല്ലാഹുവിന്നാണ്. മനുഷ്യൻ സ്വതന്ത്രമായി ഇച്ഛിച്ചു സ്വയം ചെയ്യുന്നു എന്നനിലയിൽ അവ മനുഷ്യന്റെ കർമങ്ങളുമാണ്. മനുഷ്യൻ നടത്തുന്ന കൃഷിപ്പണിയെക്കുറിച്ച് അല്ലാഹു ചോദിക്കുന്നു:

أَفَرَءَيْتُم مَّا تَحْرُثُونَ ﴿٦٣﴾ ءَأَنتُمْ تَزْرَعُونَهُۥٓ أَمْ نَحْنُ ٱلزَّٰرِعُونَ ﴿٦٤﴾ لَوْ نَشَآءُ لَجَعَلْنَٰهُ حُطَٰمًا فَظَلْتُمْ تَفَكَّهُونَ ﴿٦٥﴾

(ചിന്തിച്ചു നോക്കിയിട്ടുണ്ടോ, നിങ്ങൾ ചെയ്യുന്ന കൃഷിയെക്കുറിച്ച്? നിങ്ങളാണോ അത് വളർത്തുന്നത് അതോ കർഷകൻ നാമാണോ? നമുക്കു വേണമെങ്കിൽ തീർച്ചയായും ആ വിളയെ ജീർണിച്ച താളുകളാക്കാം. അപ്പോൾ നിങ്ങൾ പരിതപിച്ചുകൊണ്ടിരിക്കും - 56: 63-65). കർഷകൻ കൃഷി ചെയ്യാൻ തീരുമാനിക്കുന്നു. നിലമൊരുക്കി വിത്തിടുന്നു, വളം ചേർക്കുന്നു, വെള്ളം തേവി പരിചരിക്കുന്നു. ആ നിലക്ക് കൃഷി നിങ്ങൾ (കർഷകൻ) ചെയ്യുന്നതുതന്നെ. പക്ഷേ, കൃഷിയോഗ്യമായ മണ്ണിന്റെയും വിത്തിന്റെയും വളത്തിന്റെയും വെള്ളത്തിന്റെയും, നിശ്ചിത വിളവ് ഉറപ്പുനൽകുന്ന വ്യവസ്ഥയുടെയും വിധാതാവ് അല്ലാഹുവായതിനാൽ കൃഷിയുടെ ആത്യന്തിക കർതൃത്വം അവന്റേതാണ്.

എറിയുക, തൂറ്റുക, നിക്ഷേപിക്കുക, അസ്ത്രമയക്കുക മുതലായ അർഥങ്ങളിൽ ഉപയോഗിക്കുന്ന പദമായ رمي-ൽ നിന്നുള്ള മധ്യമപുരുഷ ഭൂതകാല ക്രിയാരൂപമാണ് رَمَيْتَ. യുദ്ധത്തിലെ കുന്തമേറും അസ്ത്രപ്രയോഗവും رمي ആണ്. ഇവിടെ ഈ വാക്ക് സൂചിപ്പിക്കുന്നത് ബദ്ർ യുദ്ധത്തിന്റെ തുടക്കത്തിൽ നബി(സ) ശത്രുക്കളെ ശപിച്ച സംഭവമാണെന്ന് പ്രബലമായ നിവേദനങ്ങളിൽ വന്നിട്ടുണ്ട്. സംഭവമിതാണ്: ബദ്ർ പട തുടങ്ങുന്നതിന് മുമ്പ് നബി(സ) നടത്തിയതായി നേരത്തെ ഉദ്ധരിച്ച നീണ്ട ഇസ്തിഗാസയെത്തുടർന്ന് ജിബ്രീൽ എന്ന മലക്കുവന്ന് അല്ലാഹുവിന്റെ സഹായവാഗ്ദാനമറിയിക്കുകയും തിരുമേനിയോട് ഇങ്ങനെ പറയുകയും ചെയ്തു: ഒരു പിടി മണ്ണെടുത്ത് അത് അവർക്കുനേരെ എറി

യണം: തിരുമേനി അപ്രകാരം ഒരു പിടിമണ്ണെടുത്ത് എറിഞ്ഞുകൊണ്ട്, 'മുഖങ്ങൾ നശിക്കട്ടെ' (**شاهت الوجوه**) എന്ന് ശപിച്ചു. ഖുറൈശി സേനയിലെ എല്ലാ ഭടന്മാരുടെ കണ്ണിലും ആ മണ്ണിന്റെ അംശങ്ങൾ ചെന്നുപറ്റി. മണ്ണെടുത്തെറിഞ്ഞുകൊണ്ട് -**شاهت الوجوه**- എന്ന്പറയുക പുരാതന അറേബ്യയിൽ ഉണ്ടായിരുന്ന ഒരു ശാപരീതിയാണ്. അറേബ്യൻ പഴങ്കഥകളിലും ഈ രീതിയിൽ ശപിക്കുന്നതിന്റെ ഉദാഹരണങ്ങൾ കാണാം. നബി(സ) ഹുനൈൻ യുദ്ധവേളയിലും ശത്രുക്കളെ ഇങ്ങനെ ശപിച്ചതായി ചരിത്രകാരന്മാർ രേഖപ്പെടുത്തിയിരിക്കുന്നു. ബദ്ർ സംഭവത്തിൽ പ്രവാചകൻ(സ) എറിഞ്ഞ മണ്ണ് അകലെ നിലകൊണ്ടിരുന്ന എല്ലാ ശത്രുക്കളുടെയും കണ്ണുകളിൽ പതിച്ചു എന്ന പ്രസ്താവം ശരിയാണെങ്കിൽ അത് മനുഷ്യകർമത്തിന് പ്രകൃത്യാതീത വിധിയിലൂടെ ഉളവായ ഫലമാണ്. ആദ്യം പറഞ്ഞ ശത്രുനിഗ്രഹം മനുഷ്യപ്രവർത്തനത്തിന്റെ പ്രകൃതിപരമായ ഫലവും. രണ്ടും ആത്യന്തികമായി അല്ലാഹുവിങ്കൽ നിന്നുള്ളതാണ്.

وَلِيُبْلِيَ ٱلْمُؤْمِنِينَ مِنْهُ بَلَآءً حَسَنًا (വിശ്വാസികളെ ഭംഗിയായി പരീക്ഷിക്കുന്നതിനുവേണ്ടിയും) എന്നതിന്റെ താൽപര്യം വിശ്വാസികളെ അവർ നേരിട്ട പരീക്ഷണത്തിൽ വിജയിപ്പിക്കാൻ അല്ലെങ്കിൽ മികച്ച കഴിവും യോഗ്യതയും പരീക്ഷണത്തിലൂടെ തെളിയിക്കാൻ എന്നാണ്. **ابليه فى الحرب بلاء حسنا** എന്നാൽ അയാൾ, മറ്റുള്ളവരിൽ മതിപ്പുളവാക്കുംവണ്ണം യുദ്ധമുഖത്തു തിളങ്ങി എന്നാണർഥം. അല്ലാഹു അവന്റെ ദാസന്മാരുടെ വീര്യവും ശൗര്യവും പ്രകടമാക്കി എന്നർഥത്തിൽ **ابلى الله عباده بلاء حسنا** എന്നും പറയും. **ليبلى** എന്ന വാക്കിനെ **واو** കൊണ്ട് സമാസിച്ചിട്ടുള്ളത് നിരുക്തവാക്യത്തോടാണ്. ദൈവിക സഹായത്തിന്റെ ലക്ഷണങ്ങൾ പ്രത്യക്ഷപ്പെടുത്താനും വിശ്വാസികളുടെ വീര്യവും ശൗര്യവും പുറത്തുവരാനും എന്നാണ് വാക്യത്തിന്റെ പൂർണമായ ആശയം.

സൂക്ത സമാപനത്തിൽ അല്ലാഹുവിന്റെ കേൾവിയെയും അറിവിനെയും പരാമർശിച്ചുകൊണ്ട് വിശ്വാസികളെ ഉണർത്തുകയാണ്: നിങ്ങളുടെ മുറവിളികളും പ്രാർഥനകളുമെല്ലാം അല്ലാഹു ശരിക്കും കേൾക്കുന്നുണ്ട്. നിങ്ങളനുഭവിക്കുന്ന പ്രയാസങ്ങളും പ്രതിബന്ധങ്ങളും അവൻ അറിയുന്നുമുണ്ട്. എന്താണ് നിങ്ങൾക്ക് വേണ്ടതെന്നും അവന് നന്നായറിയാം. അവന്റെ പിന്തുണയും സഹായവും തക്കസമയത്ത് പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കും എന്നതിന്റെ വ്യക്തമായ സാക്ഷ്യമാണ് ബദ്റിൽ നിങ്ങൾക്കുണ്ടായ വിജയം.

ഇവിടെ ذَٰلِكُمْ (അത്) എന്നതുകൊണ്ടുദ്ദേശ്യം വിശ്വാസികൾക്ക് ലഭിച്ച ദൈവികസഹായവും അതുമൂലമുണ്ടായ വിജയവും, അവിശ്വാസികളുടെ പരാജയവുമാണ്. അതായത് ഇപ്പോൾ പ്രത്യക്ഷപ്പെട്ട ദൈവികസഹായത്തിന്റെ ദൃഷ്ടാന്തം നിങ്ങളുടെ വിശ്വാസ ദാർഢ്യത്തിനും ക്ഷമക്കും ത്യാഗസന്നദ്ധതക്കും ലഭിച്ച സമ്മാനമാണ്. ഇതുപോലെ ധർമധ്വംസകർ സത്യത്തിനും ധർമത്തിനുമെതിരെ സംഘടിപ്പിക്കുന്ന ഓരോ ഗൂഢാലോചനയെയും അവൻ തളർത്തിക്കൊണ്ടിരിക്കും. നേരത്തേ വന്ന ذَٰلِكُمْ فَذُوقُوهُ وَأَنَّ لِلْكَٰفِرِينَ عَذَابَ ٱلنَّارِ ﴿١٤﴾ എന്ന 14-ാം സൂക്തം പോലെതന്നെയാണിത്. ബദ്റിലെ പരാജയം മുസ്‌ലിംകൾക്ക് ലഭിച്ച രക്ഷയും സത്യനിഷേധികൾക്ക് ലഭിച്ച ശിക്ഷയുമാണെന്നും ഇനിയവർക്ക് പരലോകത്ത് നരകശിക്ഷ കൂടി നേരിടേണ്ടതുണ്ടെന്നുമാണല്ലോ അവിടെ പറഞ്ഞത്. ഇവിടെ പറയുന്നത് ദൈവിക സഹായത്തിന്റെ ആഗമനവും നിങ്ങളുടെ വിജയവും നിങ്ങൾക്കു ലഭിച്ച സമ്മാനമാണെന്നും ഇതുപോലെ അവർ നിങ്ങൾക്കെതിരെ സംഘടിപ്പിച്ചുകൊണ്ടിരിക്കുന്ന തന്ത്രങ്ങളെല്ലാം അവൻ പൊളിച്ചുകൊണ്ടിരിക്കുമെന്നുമാണ്. സത്യനിഷേധികളുടെ തന്ത്രം, കുതന്ത്രം, ഗൂഢാലോചന എന്നൊക്കെ അർഥമുള്ള كَيْدِ ٱلْكَٰفِرِينَ കൊണ്ട് ഇവിടെ ഉദ്ദേശിക്കുന്നത് ഖുറൈശി പ്രമാണിമാരുടെ ഗൂഢാലോചനയെയാണ്. കച്ചവടസംഘത്തെ രക്ഷിക്കാനെന്ന വ്യാജേന ഇസ്‌ലാമിനെയും മുസ്‌ലിം സമുദായത്തെയും ഉന്മൂലനം ചെയ്യാൻ പുറപ്പെട്ടതായിരുന്നു അവർ. അവർക്കെതിരെ വിശ്വാസികളെ പിന്തുണച്ചുകൊണ്ട് അല്ലാഹു ആ കുതന്ത്രത്തെ പരാജയപ്പെടുത്തിക്കളഞ്ഞു. സൂക്തങ്ങളുടെ പൊതുവായ ആശയമിതാണ്: അധർമത്തിന്റെയും അസത്യത്തിന്റെയും ശക്തികളോടേറ്റുമുട്ടേണ്ടി വന്നാൽ വിശ്വാസികൾ ഭീതിതരാവുകയോ ഒളിച്ചോടുകയോ ചെയ്യേണ്ട യാതൊരു കാര്യവുമില്ല. അവരുടെ പിന്നിൽ അല്ലാഹുവുണ്ട്. അല്ലാഹുവാണ് യഥാർഥത്തിൽ പൊരുതുന്നത്. അവൻ വിശ്വാസികൾക്ക് പ്രചോദനമരുളുന്നു. രംഗമൊരുക്കുന്നു. അങ്ങനെ അവരുടെ കരുത്തും കാര്യശേഷിയും ആത്മാർഥതയും ജ്വലിക്കുന്നു. അതിന്റെ ഫലമായി അവർ ആത്മീയവും ഭൗതികവുമായ വിജയങ്ങൾ നേടുന്നു. ഇത് അവന്റെ നടപടിക്രമമാണ്. സത്യാസത്യ സംഘട്ടനം എപ്പോൾ അരങ്ങേറിയാലും അവന്റെ സമീപനം ഇതുതന്നെയായിരിക്കും.

**19:** അവിശ്വാസികളായ ഖുറൈശികളെയാണ് ഈ സൂക്തം സംബോധന ചെയ്യുന്നത്. تَسْتَفْتِحُوا۟ എന്ന വാക്ക് فتح എന്ന മൂലപദത്തിൽനിന്നുള്ളതാണ്. തുറക്കുക എന്നാണ് فتح-ന്റെ ഭാഷാർഥം. فتح الباب എന്നാൽ വാതിൽ തുറന്നു. പ്രതിബന്ധം നീക്കുക, മത്സരത്തിൽ വിജയിക്കുക, തർക്കത്തിൽ തീരുമാനമാവുക, വിമോചിതരാവുക തുടങ്ങിയ അർഥങ്ങളിലും ഉപയോഗിച്ചുവരുന്നു. മക്കയെ വിഗ്രഹാരാധകരിൽനിന്ന് മോചിപ്പിച്ചതിന് فتح مكة എന്ന് പറയുന്നു. ഹുദൈബിയാ സന്ധിയിൽ മുസ്‌ലിംകൾക്ക് പരോക്ഷമായി വൻ നേട്ടമുണ്ടെന്നറിയിച്ചുകൊണ്ട് ഖുർആൻ പറഞ്ഞു: إِنَّا فَتَحْنَا لَكَ فَتْحًا مُّبِينًا (നാം നിനക്ക് വ്യക്തമായ ഫത്ഹ് നൽകിയിരിക്കുന്നു-48:1). തർക്കത്തിന് വ്യക്തമായ തീരുമാനം ലഭിക്കുക എന്ന അർഥത്തിലാണ് ഇവിടെ ഈ വാക്ക് ഉപയോഗിച്ചിരിക്കുന്നത്. ഫത്ഹിനെ استفتاح എന്നാക്കുമ്പോൾ തീരമാനം, വിജയം തേടുക എന്നർഥമാകുന്നു.

ബദ്റിലേക്ക് പുറപ്പെടുമ്പോൾ ഖുറൈശികൾ പ്രചരിപ്പിച്ചുകൊണ്ടിരുന്ന ഒരു വാദമാണിവിടെ സൂചിപ്പിക്കുന്നത്: മുഹമ്മദിനെയും കൂട്ടരെയും നമ്മളിതാ തോറ്റു തുന്നം പാടിക്കാൻ പോവുകയാണ്. നമ്മളോടു തോൽക്കുന്നതോടെ അയാളുടെ സകല കള്ളങ്ങളും പൊളിയും. അയാൾ പറയുന്നതിൽ വല്ല സത്യവുമുണ്ടെങ്കിലോ എന്ന് പിന്നീടാരും സംശയിക്കേണ്ടിവരില്ല. അയാളുടേത് ദൈവികമതവും നമ്മുടേത് വ്യാജ മതവുമാണെങ്കിൽ, അയാൾ സത്യത്തിലും നമ്മൾ മിഥ്യയിലുമാണെങ്കിൽ അയാളൊരിക്കലും നമ്മളോടു തോൽക്കുകയില്ല. ദൈവം അവന്റെ മതത്തെ തന്റെ ശത്രുക്കളുടെ വ്യാജ മതവുമായി ഏറ്റുമുട്ടിച്ച് തോൽപിക്കുമോ? സത്യമാണ് ജയിക്കുക. സത്യമതമാണ് നിലനിൽക്കുക. അതിനാൽ മുഹമ്മദാണോ നമ്മളാണോ സത്യത്തിലെന്ന തർക്കത്തിന് തീരുമാനം തേടുന്ന യുദ്ധമാണ് നടക്കാൻ പോകുന്നത്. പടപുറപ്പെടുമ്പോൾ അവർ കഅ്ബയുടെ മൂടുപടം പിടിച്ചുകൊണ്ട് ഇങ്ങനെ പ്രാർഥിക്കുകയും ചെയ്തു: اللهمّ انصرْ أَعْلَى الجُندين وأكْرم الفئتَين وخيرَ القَبيلتين (അല്ലാഹുവേ, രണ്ട് സൈന്യങ്ങളിൽ ഉന്നതമായതിനെ, രണ്ട് സംഘങ്ങളിൽ വിശിഷ്ടമായതിനെ, രണ്ടു ഗോത്രങ്ങളിൽ ഉന്നതമായതിനെ നീ സഹായിക്കേണമേ). ബദ്ർ യുദ്ധം തുടങ്ങുന്ന സന്ദർഭത്തിൽ അബൂജഹ്ൽ പ്രാർഥിച്ചു: اللهم اقطعنا للرحم وآتانا بما لانعرف فاحنه الغداة (അല്ലാഹുവേ, ഞങ്ങളിൽ കുടുംബം തകർക്കുന്നവനും ഞങ്ങൾക്കപരിചിതമായ തത്ത്വങ്ങളുമായി ഞങ്ങളിൽ വന്നവനും ആരാണോ, ഈ പ്രഭാതത്തിൽ അവനെ നീ നശിപ്പിക്കേണമേ).

ഈ സംഭവങ്ങളെ സൂചിപ്പിച്ചുകൊണ്ട് ഖുറൈശികളോട് പറയുകയാണ്: ആരാണ് സത്യവാന്മാർ, ആരാണ് അസത്യവാ

ന്മാർ എന്ന ചോദ്യത്തിന് ശരിയായ ഉത്തരം തേടുകയായിരുന്നു വല്ലോ ബദ്റിലൂടെ നിങ്ങൾ. ആ തേട്ടം ആത്മാർഥവും സത്യസന്ധവുമാണെങ്കിൽ, നിങ്ങൾ തേടിയ ഉത്തരമിതാ അസന്ദിഗ്ധമായി പ്രത്യക്ഷപ്പെട്ടുകഴിഞ്ഞിരിക്കുന്നു. ഇനി അത് സ്വീകരിക്കുകയും അതിനെ പിന്തുടരുകയുമാണ് നിങ്ങൾ ചെയ്യേണ്ടത്. നിങ്ങളത് ചെയ്യുന്നില്ലെങ്കിൽ വേണ്ട. പക്ഷേ, ഇനിയും ഇത്തരം മൂഢമായ അതിക്രമങ്ങളിലേക്കെടുത്ത് ചാടാതിരിക്കണം. അതാണ് ഈ ഭൗതികജീവിതത്തിലും നിങ്ങൾക്ക് നല്ലത്. ബദ്റിന്റെ ഫലം കണ്ടില്ലേ, നിങ്ങളിൽ ഏറെ പ്രമാണിമാർ കൊല്ലപ്പെട്ടു. പലരും ബന്ധനസ്ഥരായി. നിങ്ങൾക്ക് വമ്പിച്ച ധനനഷ്ടവും നേരിട്ടു. ഇതൊക്കെയും നിങ്ങളുടെ അക്രമത്തിന് അല്ലാഹു നൽകിയ ശിക്ഷയാണ്. ഈ നടപടി തന്നെ നിങ്ങൾ ആവർത്തിച്ചാൽ ഇതേ മട്ടിലുള്ള ശിക്ഷാനടപടികൾ അല്ലാഹുവും ആവർത്തിച്ചുകൊണ്ടിരിക്കും. ഭാവിയിൽ കൂടുതൽ വലിയ പടകൂട്ടി വന്ന് വിശ്വാസികളെ നശിപ്പിച്ചുകളയാമെന്ന് നിങ്ങൾ വ്യാമോഹിക്കുന്നുണ്ട്. സംഘബലം കൊണ്ട് സത്യത്തെ ജയിക്കാനാവില്ല. നിങ്ങൾ എത്ര പെരുത്ത പടകൂട്ടി വന്നാലും ശരി, സത്യവിശ്വാസികളോടേറ്റുമുട്ടുമ്പോൾ അതൊന്നും ഒരു ഗുണവും ചെയ്യില്ല. കാരണം സത്യവിശ്വാസികൾ സത്യത്തിന്റെയും ധർമത്തിന്റെയും വാഹകരാണ്. സത്യത്തിന്റെയും ധർമത്തിന്റെയും ഭാഗത്ത് അല്ലാഹു ഉണ്ടായിരിക്കും. ഇപ്പോൾ ബദ്റിൽ കണ്ടതുപോലെ, സത്യവിശ്വാസികളും സത്യനിഷേധികളും തമ്മിൽ എപ്പോൾ ഏറ്റുമുട്ടിയാലും അല്ലാഹു സത്യവിശ്വാസികളോടൊപ്പം തന്നെയായിരിക്കും. സൂക്തത്തിലെ അവസാന വാക്യങ്ങൾ ബദ്റിലെ പരാജയത്തിനു പകരംവീട്ടാനുള്ള ഖുറൈശികളുടെ വിചാരത്തെ സൂചിപ്പിക്കുന്നുണ്ട്. ■